**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 461** **24-08-2022 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി മുഖാന്തരം തുക അനുവദിച്ച സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്‌ബി മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിലേയും ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്ന 5 കോടി രൂപയുടെ കിഫ്‌ബി ധനസഹായത്തോടെയുള്ള പദ്ധതി,സംസ്ഥാനത്തെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപെടുത്തുന്നതിനായുള്ള 3 കോടി രൂപയുടെ കിഫ്‌ബി ധനസഹായത്തോടെയുള്ള പദ്ധതി,സംസ്ഥാനത്ത് 500 നും 1000 ത്തിനും ഇടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ പശ്ചാത്തല സൗകര്യ വികസനത്തിന് കിഫ്‌ബി ധനസഹായത്തോടെയുള്ള ഒരു കോടി രൂപയുടെ പദ്ധതി എന്നിവ ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം തുക അനുവദിച്ച സ്കൂളുകളുടെ പേര്, അനുവദിച്ച തുക, നിർവ്വഹണ ഏജൻസി എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | തുക അനുവദിച്ച സ്കൂളുകളുടെ പേര്, അനുവദിച്ച തുക, നിർവ്വഹണ ഏജൻസി എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | മണ്ഡലത്തിലെ മേൽപ്പറഞ്ഞ വിദ്യാലയങ്ങളിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ? | (സി) | 5 കോടി പദ്ധതിയുടെ കീഴിലുള്ള കലവൂർ ഗവ. എച്ച്.എസ്.എസ്, 3 കോടി പദ്ധതിയുടെ കീഴിലുള്ള<br><br>മണ്ണാഞ്ചേരി ഗവ എച്ച് എസ്.എസ്, GHS Pollethai,<br><br>G Sreenivasa Mallan GHSS (SL Puram) എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 3 കോടി പദ്ധതിയുടെ കീഴിലുള്ള ജി.വി.എച്ച്. എസ്. എസ് ചുനക്കര, ഗവ. എച്ച്.എസ്.എസ് ആര്യാട് എന്നീ സ്കൂളുകളുടെ നിർമ്മാണം ആരംഭിച്ചില്ല. ടി സ്കൂളുകളുടെ ഡി.പി.ആർ പരിഷ്കരിച്ച് സമർപ്പിക്കാൻ എസ്.പി.വി ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 1 കോടി പദ്ധതിയുടെ കീഴിലുള്ള Govt. UPS Thampakachuvadu, Govt.GHSS Alappuzha എന്നീ സ്കൂളുകളിലെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| **തുക അനുവദിച്ച സ്കൂളിന്റെ പേര്** | **അനുവദിച്ച തുക** | **നിർവ്വഹണ ഏജൻസി** |
|---|---|---|
| കലവൂർ ഗവ. എച്ച്.എസ്.എസ് | 5 കോടി | കൈറ്റ് |
| മണ്ണാഞ്ചേരി ഗവ എച്ച് എസ്.എസ് | 3 കോടി | കൈറ്റ് |
| GHS Pollethai | 3 കോടി | കൈറ്റ് |
| G Sreenivasa Mallan GHSS ,SL Puram | 3 കോടി | കൈറ്റ് |
| ജി.വി.എച്ച്. എസ്. എസ് ചുനക്കര | 3 കോടി | കില |
| ഗവ. എച്ച്. എസ്. എസ് ആര്യാട് | 3 കോടി | കില |
| Govt.UPS Thampakachuvadu | 1 കോടി | കില |
| Govt.GHSS Alappuzha | 1 കോടി | കില |

സെക്ഷൻ ഓഫീസർ